സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 173 2025 ഒക്ടോബർ 16 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സ്വർണവില ഉയർന്നുതന്നെ; പവന് 95,000 രൂപക്ക് തൊട്ടരികെ

കൊച്ചി: സംസ്ഥാനത്ത് സ്വർണവില 95,000ത്തിന് തൊട്ടരികെ. ബുധനാഴ്ച പകൽ രണ്ടുതവണ ഉയർന്ന അതേ വിലയിലാണ് ഇന്നും വിൽപ്പന നടക്കുന്നത്. വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് വിലയിൽ മാറ്റം വന്നേക്കാമെന്ന് സൂചനയുണ്ട്. എന്നാൽ വിപണിയിലെ ഡിമാൻഡ് അനുസരിച്ചാകും ഇത് പ്രതിഫലിക്കുക. ബുധനാഴ്ച രാവിലെയും ഉച്ചക്കും 400 രൂപ വീതമാണ് പവന് വർധിച്ചത്. ഉച്ചക്ക് ശേഷം ഗ്രാമിന് 50 രൂപ കൂടി 11,865 രൂപയും പവന് 400 കൂടി 94,920 രൂപയുമാണ് ആയത്. ഈ വിലയിൽ ഇന്നും മാറ്റമില്ല. ഗ്രാമിന് 10രൂപ കൂടിയാൽ പവൻ വില 95,000 രൂപയിലെത്തും.

'കേന്ദ്രം ആവശ്യപ്പെട്ടു', ജസ്റ്റിസ് അതുൽ ശ്രീധരന്റെ സ്ഥലം മാറ്റത്തിനുള്ള കൊളീജിയം ശുപാർശ വിവാദമാകുന്നു

ന്യൂഡൽഹി: കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് മധ്യപ്രദേശ് ഹൈക്കോടതി ജഡ്ജിയുടെ സ്ഥലംമാറ്റ ശുപാർശയിൽ മാറ്റം വരുത്തിയ സുപ്രീം കോടതി കൊളീജിയത്തിന്റെ തീരുമാനം വിവാദമാകുന്നു. മലയാളിയായ മധ്യപ്രദേശ് ഹൈക്കോടതി ജഡ്ജി അതുൽ ശ്രീധരനെ അലഹബാദ് ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റാനുള്ള സുപ്രീം കോടതി കൊളീജിയത്തിന്റെ ശുപാർശയാണ് വിവാദം ആകുന്നത്. കേണൽ സോഫിയ ഖുറേഷിക്ക് എതിരെ അപകീർത്തികരമായ പരാമർശം നടത്തിയ മധ്യപ്രദേശ് മന്ത്രിയും ബിജെപി നേതാവുമായ വിജയ് ഷായ്ക്ക് എതിരെ കേസെടുക്കാൻ നിർദേശിച്ചത് ജസ്റ്റിസ് അതുൽ ശ്രീധരൻ ആയിരുന്നു.

ജസ്റ്റിസ് അതുൽ ശ്രീധരനെ ഛത്തീസ്ഗഢ് ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റാൻ ഓഗസ്റ്റിൽ ചേർന്ന സുപ്രീം കോടതി കൊളീജിയമാണ് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തത്. ആ ശുപാർശയിൽ തീരുമാനമായിരുന്നുവെങ്കിൽ ജസ്റ്റിസ് അതുൽ ശ്രീധരൻ ഛത്തീസ്ഗഢ് ഹൈക്കോടതിയിലെ സീനിയോറിറ്റിയിൽ രണ്ടാമത്തെ ജഡ്ജിയായി മാറുമായിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതിനെ തുടർന്ന് ഈ ശുപാർശ പുനഃപരിശോധിക്കുകയാണെന്നും ജസ്റ്റിസ് ശ്രീധരനെ അലഹബാദ് ഹൈക്കോടതിയിലേക്ക് മാറ്റണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സുപ്രീം കോടതി കൊളീജിയം പുതിയ ശുപാർശ കൈമാറി.

ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെ അധ്യക്ഷതയിലുള്ള കൊളീജിയത്തിന്റെ ഈ ശുപാർശ കേന്ദ്രസർക്കാർ അംഗീകരിച്ചാൽ അലഹബാദ് ഹൈക്കോടതിയിലെ സീനിയോറിറ്റിയിൽ ഏഴാമത്തെ ജഡ്ജിയായി ജസ്റ്റിസ് അതുൽ ശ്രീധരൻ മാറും. നിലവിൽ മധ്യപ്രദേശ് ഹൈക്കോടതിയിലെ സീനിയോറിറ്റിയിൽ രണ്ടാമനാണ് ജസ്റ്റിസ് അതുൽ ശ്രീധരൻ.

കണ്ണൂർ അലവിൽ നൂൽക്കണ്ടിയിൽ പരേതനായ രാജാ ശ്രീധരന്റെ മകനാണ് ജസ്റ്റിസ് അതുൽ ശ്രീധരൻ. 2016 ലാണ് ജസ്റ്റിസ് അതുൽ ശ്രീധരൻ മധ്യപ്രദേശ് ഹൈക്കോടതി ജഡ്ജിയാകുന്നത്. 2023 ൽ ജസ്റ്റിസ് അതുൽ ശ്രീധരനെ ജമ്മു കശ്മീർ ഹൈക്കോടതിയിലേക്ക് സ്ഥലം മാറ്റിയിരുന്നു. മകൾ ഹൈക്കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചതിനെ തുടർന്ന് ജസ്റ്റിസ് അതുൽ ശ്രീധരൻ ആവശ്യപ്പെട്ടതിനെ തുടർന്നായിരുന്നു ജമ്മു കശ്മീരിലേക്കുള്ള സ്ഥലംമാറ്റം. എന്നാൽ 2025 ൽ ജസ്റ്റിസ് അതുൽ ശ്രീധരനെ വീണ്ടും മധ്യപ്രദേശ് ഹൈക്കോടതിയിലേക്ക് മാറ്റുകയായിരുന്നു. ജമ്മു കശ്മീർ ഹൈക്കോടതിയിൽ ഉണ്ടായിരുന്ന കാലത്ത് ജസ്റ്റിസ് അതുൽ ശ്രീധരൻ കരുതൽ തടങ്കൽ കേസുകളിൽ കൂടുതൽ ജുഡീഷ്യൽ പരിശോധന നടത്തുകയും പൊതുസുരക്ഷാ നിയമപ്രകാരമുള്ള നിരവധി കേസുകൾ റദ്ദാക്കുകയും ചെയ്തിരുന്നു.

ഭാര്യയെ അനസ്തേഷ്യ മരുന്ന് നൽകി കൊലപ്പെടുത്തി ഡോക്ടർ

ബെംഗളൂരു: ത്വക്ക് രോഗ വിദഗ്ധയുടെ ദുരൂഹ മരണത്തിന് പിന്നാലെ നടത്തിയ അന്വേഷണത്തിൽ ഭർത്താവായ ജനറൽ സർജൻ അറസ്റ്റിൽ. ബെംഗളൂരു വിക്ടോറിയ ആശുപത്രിയിലെ ജനറൽ സർജനായ ജി.എസ്. മഹേന്ദ്ര റെഡ്ഡി (31) ആണ് അറസ്റ്റിലായത്. ഏറെ നാളത്തെ ആസൂത്രണത്തിന് ശേഷം വളരെ സമർഥമായാണ് ഇയാൾ കൊലപാതകം നടപ്പിലാക്കിയതെന്ന് പൊലീസ് വ്യക്തമാക്കി.

ത്വക്ക് രോഗ വിദഗ്ധയായ ഭാര്യ ഡോ. കൃതിക റെഡ്ഡിയെ (28) ചികിത്സയുടെ മറവിൽ അനസ്തേഷ്യ മരുന്ന് നൽകിയാണ് മഹേന്ദ്ര കൊലപ്പെടുത്തിയത്. കൃതികക്ക് ദീർഘകാലമായി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നെന്നും, വിവാഹത്തിനു മുമ്പ് ഭാര്യവീട്ടുകാർ ഇത് വെളിപ്പെടുത്താത്തതിൽ മഹേന്ദ്ര അസ്വസ്ഥനായിരുന്നെന്നും പൊലീസ് പറയുന്നു. ഇതോടെയാണ് കൊലപാതകം ആസൂത്രണം ചെയ്തത്. ഒരു വർഷം മുൻപാണ് ഇരുവരുടെയും വിവാഹം നടന്നത്.

വി.എസ്. അച്യുതാനന്ദന്റെ സഹോദരി ആഴിക്കുട്ടി അന്തരിച്ചു

ആലപ്പുഴ: വി.എസ്. അച്യുതാനന്ദന്റെ സഹോദരി ആലപ്പുഴ പറവൂർ വെന്തലത്തറ വീട്ടിൽ ആഴിക്കുട്ടി അന്തരിച്ചു. 95 വയസായിരുന്നു. സംസ്കാരം ഇന്ന് 4ന് വീട്ടുവളപ്പിൽ. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ദീർഘനാളായി കിടപ്പിലായിരുന്ന ആഴിക്കുട്ടി ഇന്ന് പുലർച്ചെയാണ് മരിച്ചത്.

വി.എസ് ജനിച്ച പുന്നപ്ര പറവൂരിലെ വെന്തലത്തറ വീട്ടിൽ ഇപ്പോൾ താമസിക്കുന്നത് ആഴിക്കുട്ടി ആണ്. വി എസ് പിന്നീട് പറവൂരിലെ വേലിക്കകത്ത് വീട്ടിലേക്ക് മാറുകയായിരുന്നു. അണ്ണൻ എന്നാണ് വി എസിനെ ആഴിക്കുട്ടി വിളിച്ചിരുന്നത്. ആലപ്പുഴ പറവൂരിലെ വീട്ടിൽ എത്തുമ്പോഴെല്ലാം വി എസ് സഹോദരിയെ കാണാനെത്തുമായിരുന്നു.

ഓണത്തിന് കുടുംബാംഗങ്ങളോടൊപ്പം ആലപ്പുഴയിൽ വരുമ്പോൾ ഓണക്കോടി സമ്മാനിക്കാനും എത്തും. വി എസിൻറെ മരണശേഷം മകൻ അരുൺ കുമാറും ആലപ്പുഴയിൽ എത്തുമ്പോൾ ആഴിക്കുട്ടിയെ കാണാൻ എത്തുമായിരുന്നു.

'ദേശീയ താൽപര്യത്തിനാണ് പ്രാധാന്യം, യു.എസുമായും സഹകരണമുണ്ട്'; ഇന്ത്യ റഷ്യൻ എണ്ണ വാങ്ങില്ലെന്ന

ട്രംപിന്റെ വാദം തള്ളാതെ കേന്ദ്രം

ന്യൂഡൽഹി: രാജ്യത്തെ ഊർജ ഉപഭോഗവുമായി ബന്ധപ്പെട്ട വിഷയത്തിൽ, ഉപയോക്താക്കളുടെ താൽപര്യങ്ങൾക്കാണ് എപ്പോഴും മുൻഗണന നൽകുന്നത് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

ഊർജരംഗത്ത് യു.എസുമായും നാം സഹകരിച്ചുവരുന്നുണ്ടെന്നും, നിലവിലെ ഭരണകൂടത്തിന് കൂടുതൽ സഹകരണത്തിന് താൽപര്യമുണ്ടെന്നും വിദേശകാര്യ വക്താവിൻറെ പ്രസ്താവനയിൽ പറയുന്നു. റഷ്യയിൽനിന്ന് എണ്ണ വാങ്ങില്ലെന്ന് പ്രധാനമന്ത്രി മോദി തനിക്ക് ഉറപ്പു നൽകിയതായി യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അവകാശപ്പെട്ട പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ പ്രതികരണം. ട്രംപിന്റെ വാദത്തെ പൂർണമായി തള്ളാൻ ഇന്ത്യ തയാറായിട്ടില്ല.

"എണ്ണയും പ്രകൃതി വാതകവും വൻതോതിൽ ഇറക്കുമതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. മാറിക്കൊണ്ടിരിക്കുന്ന ഊർജ ഉപഭോഗ സാഹചര്യത്തിൽ, ഉപയോക്താക്കളുടെ താൽപര്യത്തിനാണ് ഞങ്ങൾ മുൻഗണന നൽകുന്നത്. ഞങ്ങളുടെ ഇറക്കുമതി നയവും ഇതേ ഉദ്ദേശ്യത്തോടുകൂടിയുള്ളതാണ്. എണ്ണവിലയിൽ സ്ഥിരത ഉറപ്പാക്കാനും സുരക്ഷിതമായ വിതരണം ഉറപ്പാക്കാനും ലക്ഷ്യമിട്ടുള്ളതാണ് നമ്മുടെ ഊർജ നയം. വിപണിയിലെ ആവശ്യമനുസരിച്ച് എണ്ണ സംഭരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഊർജരംഗത്ത് യു.എസുമായും നാം സഹകരിച്ചുവരുന്നുണ്ട്. നിലവിലെ ഭരണകൂടത്തിന് കൂടുതൽ സഹകരണത്തിന് താൽപര്യമുണ്ട്. ഈ വിഷയത്തിൽ ചർച്ച പുരോഗമിക്കുകയാണ്" –വിദേശകാര്യ വക്താവ് രൺധീർജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു.

നേരത്തെ റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നത് അവസാനിപ്പിക്കുമെന്ന് നരേന്ദ്രമോദി ഉറപ്പു നൽകിയെന്നായിരുന്നു ഡോണൾഡ് ട്രംപിന്റ അവകാശവാദം. യുക്രെയ്നെതിരെ യുദ്ധം തുടരുന്ന റഷ്യയെ സാമ്പത്തികമായി ഒറ്റപ്പെടുത്തുന്നതിലേക്കുള്ള വലിയ ചുവടുവെപ്പാണിതെന്നും അദ്ദേഹം പറഞ്ഞു. വൈറ്റ് ഹൗസിൽ നടന്ന ചടങ്ങിനിടെ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ട്രംപ്.

'ഇന്ത്യ എണ്ണ വാങ്ങുന്നതിൽ എനിക്ക് അതൃപ്തിയുണ്ടായിരുന്നു, റഷ്യയിൽനിന്ന് അവർ എണ്ണ വാങ്ങുന്നത് നിറുത്തുമെന്ന് അദ്ദേഹം ഇന്ന് എനിക്ക് ഉറപ്പ് നൽകി. അത് നിർണായക നടപടിയാണ്. ഇനി ചൈനയെക്കൊണ്ടും ഇത് തന്നെ ചെയ്യിക്കും,' – ട്രംപ് പറഞ്ഞു. മോദിയുമായി ഊഷ്മളമായ ബന്ധമാണുള്ളതെന്നും ട്രംപ് പറഞ്ഞു. റഷ്യൻ എണ്ണ വാങ്ങുന്നത് പൊടുന്നനെ നിർത്താൻ ഇന്ത്യക്ക് കഴിയില്ലെന്നും, എന്നാൽ അത് കാലക്രമേണ നടപ്പിലാകുമെന്നും ട്രംപ് കൂട്ടിച്ചേർത്തു. പ്രധാനമന്ത്രി മോദി ട്രംപിന് ഇത്തരമൊരു ഉറപ്പ് നൽകിയിരുന്നോ എന്നതിനെക്കുറിച്ചുള്ള ഇ–മെയിൽ ചോദ്യങ്ങളോട് വാഷിങ്ടണിലെ ഇന്ത്യൻ എംബസി പ്രതികരിക്കാൻ തയാറായിട്ടില്ല.

നാലുവർഷത്തോളമായി തുടരുന്ന റഷ്യ–യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ തുടർച്ചയായി പരാജയപ്പെടുന്നത് യു.എസ് നയതന്ത്ര നീക്കങ്ങൾക്ക് ഏൽക്കുന്ന തിരിച്ചടിയായാണ് വിലയിരുത്തപ്പെടുന്നത്. റഷ്യക്കെതിരെ തുടർച്ചയായി ഉപരോധങ്ങൾ ഏർപ്പെടുത്തിയിട്ടും യുക്രയ്ൻ യുദ്ധം അവസാനിക്കാത്ത സാഹചര്യത്തിലാണ് റഷ്യൻ എണ്ണയെ ലക്ഷ്യമിട്ട് യു.എസ്, ഇന്ത്യയും ചൈനയുമടക്കം രാജ്യങ്ങൾക്കെതിരെ തീരുവ നയം സ്വീകരിച്ചത്. എന്നാൽ, ഉയർന്ന തീരുവ അടിച്ചേൽപ്പിച്ചിട്ടും ഇന്ത്യയും ചൈനയും റഷ്യയിൽനിന്ന് വൻതോതിൽ ക്രൂഡോയിൽ വാങ്ങുന്നത് തുടരുകയായിരുന്നു.

റഷ്യൻ ക്രൂഡ് ഒയിലിന്റെ രണ്ടാമത്തെ വലിയ ഉപഭോക്താവാണ് ഇന്ത്യ. ചൈനയാണ് റഷ്യയിൽ നിന്ന് ഏറ്റവുമധികം ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യം. ഇന്ത്യ നിലപാട് മാറ്റിയാൽ ചൈനയടക്കം രാജ്യങ്ങളെ ഇത് സ്വാധീനിക്കുമെന്നാണ് യു.എസ് പ്രതീക്ഷ.

'ആരുവിചാരിച്ചാലും പാർട്ടിയിൽ നിന്ന് ഒറ്റപ്പെടുത്താനാകില്ല; ആക്രമണം നടത്തുന്നത് പാർട്ടിക്കാർ': ജി സുധാകരൻ

ആലപ്പുഴ: താൻ ഉന്നയിച്ച കാര്യങ്ങൾ പാർട്ടി പരിശോധിക്കുന്നുണ്ടോയെന്ന് അറിയില്ലെന്ന് മുതിർന്ന സിപിഎം നേതാവും മുൻമന്ത്രിയുമായ ജി സുധാകരൻ. ആരു വിചാരിച്ചാലും പാർട്ടിയിൽ ഒറ്റപ്പെടുത്താൻ സാധിക്കില്ലെന്നും നേതാക്കൾ പറയുന്നത് വസ്തുതാവിരുദ്ധമായ കാര്യങ്ങളാണെന്നും അദ്ദേഹം ഒരു ചാനലിനോട് പറഞ്ഞു.

തനിക്കും കുടുംബത്തിനുമെതിരെ സൈബർ ആക്രമണമുണ്ടാകുന്നുണ്ടെന്നും പാർട്ടിക്കാരാണ് അതിനുപിന്നിലെന്നും സുധാകരൻ വ്യക്തമാക്കി. അത്തരത്തിൽ ആക്രമണം നടത്തുന്നവരെ താക്കീത് ചെയ്യുന്നതിന് പകരം തന്നെ ഉപദേശിക്കാനാണ് വരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

'പാർട്ടിവിരുദ്ധ പ്രസ്താവന നടത്തുന്നവരെ വിമർശിക്കുന്നത് പാർട്ടിക്ക് കളങ്കമുണ്ടാക്കില്ല. ഒരാൾ കളങ്കമാണെന്ന് പറയുന്നു. ഘടകത്തിൽ പറയണമെന്നാണ് ചിലർ പറയുന്നത്. സജി ചെറിയാൻ തെറ്റായ ഉപദേശങ്ങളും കാര്യങ്ങളും പറഞ്ഞത് പാർട്ടി ഘടകത്തിലാണോ? എല്ലാവരും വെളിയിലാണ് പറയുന്നത്.

ഇവരെല്ലാം കൂടി അഞ്ചാറ് വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്താണെന്ന് എനിക്ക് നന്നായി അറിയാം. അത് ആരും ഇതുവരെ തടസപ്പെടുത്തിയില്ലല്ലോ. അങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തിട്ട് കാര്യമില്ല. പാർട്ടി മെമ്പറായ എന്നെ ഇങ്ങനെ ആക്ഷേപിച്ചാൽ അവർക്കും കൂടിയല്ലേ ദോഷം.

നെന്മാറ സജിത വധക്കേസ്; ചെന്താമരയുടെ ശിക്ഷാവിധി മറ്റന്നാൾ, വധശിക്ഷ നൽകണമെന്ന് പ്രോസിക്യൂഷൻ

പാലക്കാട്: നെന്മാറ സജിത വധക്കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി ശനിയാഴ്ച. പ്രതിക്ക് പരോൾ പോലും നൽകരുതെന്നും വധശിക്ഷ വിധിക്കണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. സജിതയെ കൊലപ്പെടുത്തിയ കേസിൽ ജാമ്യത്തിലിറങ്ങിയപ്പോൾ ചെന്താമര രണ്ടുപേരെക്കൂടി കൊലപ്പെടുത്തിയെന്നും പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. എന്നാൽ ഇരട്ടക്കൊല ഈ കേസുമായി കൂട്ടിക്കുഴക്കരുതെന്ന് പ്രതിഭാഗം വാദിച്ചു.

അയൽവാസിയായിരുന്ന പോത്തുണ്ടി തിരുത്തംപാടം ബോയൻ കോളനിയിൽ സുധാകരന്റെ ഭാര്യ സജിതയെ 2019 ആഗസ്റ്റ് 31നാണ് ചെന്താമര വെട്ടിക്കൊന്നത്. തന്റെ ഭാര്യ പിണങ്ങി പോവാൻ കാരണം സജിതയാണെന്ന് മന്ത്രവാദി പറഞ്ഞതിനെ തുടർന്നായിരുന്നു കൊലപാതകം. വീടിന്റെ പിറകുവശത്തുള്ള വാതിലിലൂടെ അകത്തുകയറിയാണ് സജിതയെ വെട്ടിയത്. തുടർന്ന് പോത്തുണ്ടി വനമേഖലയിൽ ഒളിച്ചുകഴിയുകയായിരുന്ന ചെന്താമരയെ രണ്ടുദിവസത്തെ തെരച്ചിലിനൊടുവിലാണ് പിടികൂടിയത്.

കേസിൽ 68 സാക്ഷികളാണുണ്ടായിരുന്നത്. ഇതിൽ പ്രതി ചെന്താമരയുടെ ഭാര്യ, സഹോദരൻ, കൊല്ലപ്പെട്ട സജിതയുടെ മകൾ ഉൾപ്പെടെ 44 പേരെ പ്രോസിക്യൂഷൻ സാക്ഷികളായി വിസ്തരിച്ചു. സജിതയുടെ വീടിനകത്ത് ചോര പതിഞ്ഞ ചെന്താമരയുടെ കാൽപാടുകളാണ് കേസിൽ നിർണായകമായത്. ഒപ്പം മൽപിടുത്തിനിടയിൽ പോക്കറ്റ് കീറി നിലത്തുവീണ വസ്ത്രം ചെന്താമരയുടെ തന്നെയെന്ന ഇയാളുടെ ഭാര്യയുടെ മൊഴിയും പ്രതിക്ക് കുരുക്കായി.

2020ലാണ് ചാർജ് ഷീറ്റ് സമർപ്പിച്ചത്. 2025 ആഗസ്റ്റ് നാലിന് സാക്ഷിവിസ്താരം ആരംഭിച്ചു. പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ എം.ജെ.വിജയകുമാറാണ് ഹാജരായത്. റിമാൻഡിലായിരുന്ന ചെന്താമര ജാമ്യത്തിലിറങ്ങിയ ശേഷം 2025 ജനുവരി 27നു സജിതയുടെ ഭർത്താവ് സുധാകരൻ (55), അമ്മ ലക്ഷ്മി (75) എന്നിവരെ വെട്ടിക്കൊലപ്പെടുത്തിയിരുന്നു.

ഇസ്രയേൽ വിട്ടയച്ചവരിൽ കൊടുംകുറ്റവാളികളും; പ്രതിഷേധവുമായി ജനം

ടെൽ അവീവ്: സമാധാന കരാറിന്റെ ഭാഗമായി ഹമാസ് ബന്ദികളാക്കിയവരുടെയും കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങളും നൽകുന്നതിനു പകരമായി ജയിലിലുള്ള പലസ്തീൻ തടവുകാരെ വിട്ടയക്കുന്നതിൽ ഇസ്രയേലിൽ പ്രതിഷേധം പുകയുന്നു. ഇങ്ങനെ വിട്ടയക്കുന്നവരിൽ പലരും ഇസ്രയേലിനെതിരെ കൊടുംകുറ്റകൃത്യങ്ങൾ ചെയ്ത് ശിക്ഷിക്കപ്പെട്ടവരാണെന്നാണ് മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുന്നത്. അതേസമയം, ഗാസയിലും വെസ്റ്റ് ബാങ്കിലും തിരിച്ചത്തിയ പലസ്തീൻ തടവുകാർക്ക് ഉജ്വല സ്വീകരണമാണ് ലഭിച്ചത്.

2003–2005 കാലഘട്ടത്തിൽ ചാവേർ ആക്രമണങ്ങൾ ആസൂത്രണം ചെയ്ത പലസ്തീൻ ഇസ്ലാമിക് ജിഹാദ് കമാൻഡർ ഇയാദ് അബു അൽ റൂബ് നാടുകടത്തപ്പെട്ടവരിൽ ഉൾപ്പെടുന്നു. ഈ മൂന്ന് ആക്രമണങ്ങളിലുമായി 13 പേർ കൊല്ലപ്പെട്ടിരുന്നു.

2009–ൽ ടാക്സി ഡ്രൈവറെ കൊലപ്പെടുത്തിയ ഫത്താ പ്രവർത്തകൻ മുഹമ്മദ് സക്കർനേഹിനെയും 2017–ൽ ഇസ്രയേൽ പൗരനെ കുത്തിക്കൊലപ്പെടുത്തിയ മുഹമ്മദ് അബു അൽ റൂബിനെയും ഈജിപ്തിലേക്ക് നാടുകടത്തി.

2015–ൽ ബസിൽ കയറി വെടിയുതിർത്ത് മൂന്നു പേരെ വധിച്ച സംഭവത്തിൽ പിടികൂടിയ ബിലാൽ അബു ഘനേമിനെ കഴിഞ്ഞ ഫെബ്രുവരിയിൽ കൈമാറിയ ബന്ദികൾക്കു പകരമായി വിട്ടയച്ചത് ഇസ്രയേലിൽ കടുത്ത പ്രതിഷേധം വളർത്തിയിരുന്നു. ബിലാലിന് മൂന്ന് ജീവപര്യന്തം ശിക്ഷയായിരുന്നു ഇസ്രയേലി കോടതി വിധിച്ചിരുന്നത്.

2000–ൽ രണ്ടാം ഇൻതിഫാദയുടെ തുടക്കത്തിൽ രണ്ട് സൈനികരെ ആൾക്കൂട്ടം കൊലപ്പെടുത്തിയ സംഭവത്തിൽ അറസ്റ്റിലായിരുന്ന പലസ്തീൻ പോലീസ് ഉദ്യോഗസ്ഥൻ, 13 വയസ്സുള്ള ആൺകുട്ടിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ ഗാസ സ്വദേശി, ചാവേർ ആക്രമണങ്ങൾക്കും മറ്റ് ആക്രമണങ്ങൾക്കും ഉത്തരവാദികളായ ഒട്ടേറെപ്പേരും ഇതിൽ ഉൾപ്പെടുന്നു.

മോദി ട്രംപിനെ ഭയപ്പെടുന്നു: രാഹുൽ ഗാന്ധി

ന്യൂഡൽഹി: റഷ്യയിൽ നിന്നുള്ള എണ്ണ ഇറക്കുമതി ഇന്ത്യ നിർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് ഉറപ്പുനൽകിയതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അവകാശപ്പെട്ടതിന് പിന്നാലെ, പ്രധാനമന്ത്രി മോദിക്കെതിരെ രൂക്ഷവിമർശനവുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. മോദി ട്രംപിനെ ഭയപ്പെടുകയാണെന്ന് രാഹുൽ ഗാന്ധി വിമർശിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദി ട്രംപിന്റെ ഭീഷണികളോട് സ്വീകരിച്ച അഞ്ച് നിലപാടുകൾ ചൂണ്ടിക്കാട്ടിയായിരുന്നു രാഹുലിന്റെ വിമർശനം.

പ്രധാനമന്ത്രി മോദിക്ക് ട്രംപിനെ ഭയമാണ്.

1. ഇന്ത്യ റഷ്യൻ എണ്ണ വാങ്ങില്ലെന്ന് തീരുമാനിക്കാനും പ്രഖ്യാപിക്കാനും ട്രംപിനെ അനുവദിക്കുന്നു. 2. ആവർത്തിച്ച് അവഗണിച്ചിട്ടും അഭിനന്ദന സന്ദേശങ്ങൾ അയച്ചുകൊണ്ടേയിരിക്കുന്നു. 3. ധനമന്ത്രിയുടെ അമേരിക്കൻ സന്ദർശനം റദ്ദാക്കി. 4. ഷറം അൽ–ഷെയ്ഖ് ഒഴിവാക്കി. 5. ഓപ്പറേഷൻ സിന്ദൂറിന്റെ കാര്യത്തിൽ അദ്ദേഹത്തെ എതിർക്കുന്നില്ല. രാഹുൽ ഗാന്ധി എക്സിൽ കുറിച്ചു.

ഇന്ത്യ റഷ്യൻ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് താൻ പ്രധാനമന്ത്രി മോദിയുമായി ആശങ്കകൾ ഉന്നയിച്ചിരുന്നതായി ട്രംപ് പറഞ്ഞിരുന്നു. റഷ്യയിൽ നിന്ന് എണ്ണ വാങ്ങില്ലെന്ന് മോദി തനിക്ക് ഉറപ്പ് നൽകിയെന്നും അതൊരു വലിയ ചുവടുവെപ്പാണെന്നും ട്രംപ് പറഞ്ഞു. റഷ്യയുടെ ഊർജ്ജ വരുമാനം ഇല്ലാതാക്കാനുള്ള തന്റെ നയതന്ത്ര നീക്കത്തിന്റെ ഭാഗമായാണ് മോദിയുടെ ഉറപ്പ് നേടിയതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ, റഷ്യൻ എണ്ണ ഇറക്കുമതി നിർത്തുമെന്ന ട്രംപിന്റെ അവകാശവാദം ഇന്ത്യ സ്ഥിരീകരിച്ചിട്ടില്ല.

പ്രതികൾ അറസ്റ്റിൽ

തൃശ്ശൂർ: അത്താണി മിണാലൂരിൽ അടച്ചിട്ട സ്വകാര്യ കമ്പനിയിൽ നിന്നും 10 ലക്ഷം രൂപ വിലവരുന്ന യന്ത്രസാമഗ്രികൾ മോഷ്ടിച്ച കേസിൽ മൂന്നുപേർ അറസ്റ്റിൽ. വടക്കൂടൻ ടുവിൻ വിൽസൺ, പുവത്തിങ്കൽ റമീസ്, പുതുരുത്തി കോമാട്ടിൽ സഞ്ജീവ് എന്നിവരാണ് അറസ്റ്റിലായത്.

അർജുന്റെ ആത്മഹത്യ; ക്ലാസ് ടീച്ചറെയും പ്രധാനാദ്ധ്യാപികയെയും സസ്പെൻഡ് ചെയ്ത് സ്കൂൾ മാനേജ്മെന്റ്

പാലക്കാട്: 14കാരൻ അർജുന്റെ ആത്മഹത്യയിൽ ക്ലാസ് ടീച്ചർ ആശ, പ്രധാനാദ്ധ്യാപിക ലിസി എന്നിവരെ സസ്പെൻഡ് ചെയ്ത് സ്കൂൾ മാനേജ്മെന്റ്. ആത്മഹത്യയ്ക്ക് കാരണം ടീച്ചർ ആശ ആണെന്ന ആരോപണവുമായി കുട്ടിയുടെ മാതാപിതാക്കൾ ഉൾപ്പെടെ രംഗത്തെത്തിയിരുന്നു. എന്നാൽ, രക്ഷിതാക്കളെ കുറ്റപ്പെടുത്തിക്കൊണ്ടായിരുന്നു നേരത്തേ പ്രധാനാദ്ധ്യാപിക ലിസി മാദ്ധ്യമങ്ങളോട് പ്രതികരിച്ചത്. ഡിഇഒയുടെ നിർദേശപ്രകാരമാണ് നടപടിയെന്നാണ് വിവരം.

അർജുന്റെ ആത്മഹത്യയ്ക്ക് പിന്നാലെ കുട്ടികൾ സ്കൂളിൽ പ്രതിഷേധം നടത്തിയിരുന്നു. തുടർന്ന് എഇഒയും ഡിഇഒയും എത്തി കുട്ടികളോട് കാര്യങ്ങൾ ചോദിച്ച് മനസിലാക്കി. ഇതിന് ശേഷമാണ് അന്വേഷണ വിധേയമായി അദ്ധ്യാപികമാരെ സസ്പെൻഡ് ചെയ്തത്. ഇവർക്കെതിരെ വകുപ്പുതല അന്വേഷണം തുടരുമെന്നും മാനേജ്മെന്റ് കമ്മിറ്റി അറിയിച്ചു. അദ്ധ്യാപികയുടെ ഭാഗത്ത് തെറ്റുണ്ടെന്ന് കണ്ടാൽ കർശന നടപടിയെടുക്കുമെന്നും സ്കൂൾ മാനേജ്മെന്റ് വ്യക്തമാക്കി.

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1403/2022

തൃശൂർ താലൂക്ക് ആലപ്പാട്ട് വില്ലേജ് ടി ദേശത്ത് നെടുംപുരയ്ക്കൽ കുഞ്ഞിമോൻ മകൻ അബ്ദുൾറഹ്മാ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

യുവതികൾ വിവാഹിതരാകാൻ താൽപ്പര്യപ്പെടാത്ത വിഷയത്തിൽ പഠനം വേണം: ഷീല വിജയകുമാർ

തൃശ്ശൂർ :യുവതലമുറ യിലെ സ്ത്രീകൾ വിവാഹിതരാകാൻ താൽപ്പര്യപ്പെടാത്തതിനെക്കുറിച്ച് സർക്കാർ പഠനം നടത്തണമെന്ന് സി പി ഐ സംസ്ഥാന കൗൺസിൽ അംഗം ഷീല വിജയകുമാർ പറഞ്ഞു.ജോയിന്റ് കൗൺസിൽ ജില്ലാ വനിതാ കമ്മിറ്റി കളക്ടറേറ്റിന് മുന്നിൽ കരുത്ത് എന്ന പേരിൽ സംഘടിപ്പിച്ച വനിതാ മാർച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിഞ്ഞോ എന്ന് നാമോരോരുത്തരും പരിശോധിക്കണം. സ്വർണ്ണത്തിന് ഒരു പവന് ഒരുലക്ഷം രൂപ വിലയെത്തിയ കാലത്ത് സ്വർണ്ണം ഉപേക്ഷിക്കാൻ സ്ത്രീകൾ തയ്യാറാകണം.

മേലുദ്യോഗസ്ഥൻ അനാവശ്യമായി ഇടപെടുമ്പോൾ ചോദ്യം ചെയ്യാനുള്ള ധൈര്യം വനിതാ ജീവനക്കാർക്ക് ഉണ്ടാകണം.വനിതാ ജീവനക്കാർ നൽകിയ ഭീമ ഹർജിയിലെ ആവശ്യങ്ങളിൽ സർക്കാർ അനുകൂല നടപടിയെടുക്കണം.അവർ തുടർന്ന് പറഞ്ഞു.

ജോയിന്റ് കൗൺസിൽ ജില്ലാ വനിതാ കമ്മിറ്റി പ്രസിഡണ്ട് പി അരുണ അധ്യക്ഷത വഹിച്ചു.സംസ്ഥാന വനിതാ കമ്മിറ്റി അംഗങ്ങളായ ടി ജി വിജിമോൾ, ഇ ജി റാണി,ജില്ലാ വനിതാ കമ്മിറ്റി സെക്രട്ടറി പി എൻ നിത,ജോയിന്റ് സെക്രട്ടറി പി പി ജിഷി എന്നിവർ പ്രസംഗിച്ചു.

ജോയിന്റ് കൗൺസിൽ ജില്ലാ വനിതാ കമ്മിറ്റി കളക്ടറേറ്റിന് മുന്നിൽ കരുത്ത് എന്ന പേരിൽ സംഘടിപ്പിച്ച വനിതാ മാർച്ചിന്റെ സമാപനം സി പി ഐ സംസ്ഥാന കൗൺസിൽ അംഗം ഷീല വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

സമേതം പദ്ധതിയുടെ വരക്കുട്ടം സംഘടിപ്പിച്ചു

അവണൂർ : ഗ്രാമ പഞ്ചായത്തിന്റേയും പൊതുവിദ്യാഭ്യാസവകുപ്പിന്റെയും സംയുക്താഭി മുഖ്യത്തിൽ ശാന്താ ഹയർ സെക്കണ്ടറി സ്ക്കൂളിൽ സമേതം പദ്ധതിയുടെ ഭാഗമായുള്ള വരക്കുട്ടം സംഘടിപ്പിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് തങ്കമണിശങ്കുണ്ണി ഉദ്ഘാടനം ചെയ്തു. അഞ്ജലി സതീഷ് അധ്യക്ഷയായിരുന്നു. എൻ.കെ സുപ്രിയ,കെ വിനീത, റഹ്മത്ത്, ജയൻ അവണൂർ, മിഷ, വി.കെ മുകുന്ദൻ, കെ.എൻ. കെ പ്രേംനാഥ് എന്നിവർ സംസാരിച്ചു.

കാർട്ടൂണിസ്റ്റ് മധുസ് ,ജോൺസൺ, മനോജ് കുമരനെല്ലൂർ, എന്നിവർ ക്ലാസെടുത്തു. സമാപന സമ്മേളനം ജില്ലാപഞ്ചായത്ത് അംഗം ലിനി ടീച്ചർ ഉദ്ഘാടനം ചെയ്തു.

ശബരിമല നട നാളെ തുറക്കും; മേൽശാന്തി നറുക്കെടുപ്പ് 18ന്

തൃശ്ശൂർ: ശബരിമല തുലാമാസ പൂജയ്ക്കായി ശബരിമല നട വെള്ളിയാഴ്ച തുറക്കും. വൈകിട്ട് നാലിന് തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരിയാണ് നട തുറക്കുക. ശനി രാവിലെ അഞ്ചിന് ദർശനം ഉണ്ടാകും.

ശബരിമല, മാളികപ്പുറം മേൽശാന്തി നറുക്കെടുപ്പും സന്നിധാനത്ത് നടക്കും.

വെറ്റിനറി ആസ്പത്രിയുടെ നിർമ്മാണോത്ഘാടനം

ഇരിഞ്ഞാലക്കുട: നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 50 ലക്ഷം രൂപ വകയിരുത്തി കാറളം ഗ്രാമപഞ്ചായത്തിൽ വെറ്റിനറി ആസ്പത്രിയുടെ നിർമാണനോത്ഘാടനം കാറളം പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു പ്രദീപ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇരിഞ്ഞാലക്കുട എം എൽ എയും ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു.

വാർഡ് മെമ്പർ ടി. എസ്. ശശികുമാർ സ്വാഗതവും ജില്ലാപഞ്ചായത്ത് ഡിവിഷൻ മെമ്പർ ഷീല അജയഘോഷ്, പഞ്ചായത്ത്വൈസ് പ്രസിഡന്റ് സുനിൽ മാലാന്ത്ര, ബ്ലോക്ക് ഡിവിഷൻ മെമ്പർ മോഹനൻ വലിയാട്ടിൽ, പഞ്ചായത്ത് വികസന ചെയർമാൻ അമ്പിളി റെനിൽ, ക്ഷേമകാര്യ ചെയർമാൻ ജഗജി കായം പുറത്ത്, മെമ്പർമാരായ സീമ പ്രേംരാജ്, ജ്യോതിപ്രകാശ്, വൃന്ദ അജിത്കുമാർ, ബ്ലോക്ക് അസി. എഞ്ചിനീയർ ഗീത, എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. വെറ്റിനറി ഡോ. ജോൺസൻ നന്ദിയും പറഞ്ഞു

നിര്യാതയായി

തങ്കം

തൃപ്രയാർ: കടമ്പനാട്ട് തങ്കം(88) മുംബെയിൽ അന്തരിച്ചു. അച്ഛൻ: പരേതനായ രാമൻ നായർ. അമ്മ: പരേതയായ മാധവിയമ്മ. ഭർത്താവ്: പരേതനായ ചന്ദ്രൻ കൈമൾ. മകൾ: സവിതാ പ്രകാശ്. മരുമകൻ: പ്രകാശൻ. സഹോദരങ്ങൾ: കൃഷ്ണൻ നായർ (ഉണ്ണി സ്വാമി), വത്സല, പരേതരായ നാരായണൻ നായർ, രാമൻ നായർ, കല്യാണി അമ്മ.

പി. വി. അയ്യപ്പൻ വീഡിയോഗ്രഫി അവാർഡ് 2025 ഒക്ടോബർ 31 വരെ അപേക്ഷിക്കാം

തൃശൂർ: അമൃത ടി വി ക്യാമറമാൻ പി. വി. അയ്യപ്പന്റെ സ്മരണാർത്ഥം ന്യൂസ് വീഡിയോയ്ക്ക് തൃശൂർ പ്രസ് ക്ലബ്ബ് ഏർപ്പെടുത്തിയ അവാർഡിന് എൻട്രികൾ ക്ഷണിക്കുന്നു. 2024 ജനുവരി ഒന്നു മുതൽ 2024 ഡിസംബർ 31 വരെ ചാനലുകളിൽ സംപ്രേഷണം ചെയ്ത വാർത്താ ദൃശ്യങ്ങൾക്കാണ് അവാർഡ്. 15,000 രൂപയും, പ്രശസ്തിപത്രവും, ഫലകവും നൽകും. 3 മിനിറ്റിൽ കവിയാത്ത വാർത്താദൃശ്യങ്ങൾ ഗൂഗിൾ ഡ്രൈവ് വഴി എഡിറ്റ് ഓപ്ഷൻ ക്ലിക്ക് ആക്കിയതിന് ശേഷം ആയിരിക്കണം അയക്കേണ്ടത്, ബയോഡാറ്റയും, ഫോട്ടോയുംvayyappanaward@gmail.com എന്ന മെയിലിൽ 2025 ഒക്ടോബർ 31 നുള്ളിൽ അയക്കേണ്ടതാണ്. ഒരാളിൽ നിന്ന് ഒരു എൻട്രി മാത്രമാണ് സ്വീകരിക്കുക. എൻട്രികൾക്കൊപ്പം സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതാണ്.

കെ.എസ്. പ്രവീൺകുമാർ ഫോട്ടോഗ്രഫി അവാർഡ് 2025 ഒക്ടോബർ 31 വരെ അപേക്ഷിക്കാം

തൃശൂർ: ദേശാഭിമാനി ചീഫ് ഫോട്ടോഗ്രാഫർ കെ.എസ്. പ്രവീൺകുമാറിന്റെ സ്മരണാർത്ഥം തൃശൂർ പ്രസ് ക്ലബ്ബ് ഏർപ്പെടുത്തിയ ന്യൂസ് ഫോട്ടോഗ്രഫി അവാർഡിന് എൻട്രികൾ ക്ഷണിക്കുന്നു. 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച വാർത്താചിത്രങ്ങൾക്കാണ് അവാർഡ്. 15,000 രൂപയും, പ്രശസ്തി പത്രവും, ഫലകവും നൽകും. 5 എംബിയിൽ കുറയാത്ത ഫോട്ടോയും, പ്രസിദ്ധീകരിച്ച പത്രത്തിന്റെ പകർപ്പും ഫോട്ടോഗ്രാഫറുടെ ബയോഡാറ്റയും tsrkspphotoaward@gmail.com എന്ന മെയിലിൽ 2025 ഒക്ടോബർ 31 നുള്ളിൽ അയക്കേണ്ടതാണ്. ഒരാളിൽ നിന്ന് ഒരു എൻട്രി മാത്രമാണ് സ്വീകരിക്കുക. ബൈലൈൻ ഇല്ലാത്ത എൻട്രികൾക്കൊപ്പം സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതാണ്.

വയോജനങ്ങൾക്കുള്ള വയോജന മിത്രം പെൻഷൻ വിതരണം ചെയ്തു

എടതിരിഞ്ഞി: സർവ്വീസ് സഹകരണ ബാങ്ക് വയോജനങ്ങൾക്കുള്ള വയോജന മിത്രം പെൻഷൻ പദ്ധതിയുടെ 9-ാംഘട്ട വിതരണോദ്ഘാടനം നടത്തി.

എടതിരിഞ്ഞി സർവീസ് സഹകരണ ബാങ്കിന്റെ അംഗത്വത്തിൽ 25 വർഷവും 70 വയസ്സും പൂർത്തീകരിച്ച സഹകാരികൾക്ക് നൽകിവരുന്ന വയോജന മിത്രം പെൻഷൻ പദ്ധതിയുടെ വിതരണോദ്ഘാടനം പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി രതീഷ് നിർവ്വഹിച്ചു. ബാങ്ക്പ്രസിഡന്റ് ഇ.വി.ബാബുരാജൻ അധ്യക്ഷത വഹിച്ചു. 4-ാം വാർഡ് മെമ്പർ ലത സഹദേവൻ മുഖ്യാതിഥിയായി. ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർ നേതൃത്വം നൽകി.

ബാങ്ക് വൈസ് പ്രസിഡന്റ് സിന്ധു പ്രദീപ് സ്വാഗതവും ബാങ്ക് സെക്രട്ടറി കെ.കെ.ബിജു നന്ദിയും പറഞ്ഞു.

പ്രൊഫ. വി. അരവിന്ദാക്ഷൻ പുരസ്കാര സമർപ്പണം

തൃശൂർ: 2025 ഒക്ടോ.18 ശനി വൈകുന്നേരം 4.30 ന് തൃശൂർ സാഹിത്യ അക്കാദമി ആഡിറ്റോറിയത്തിൽ പ്രൊഫ.വി.അരവിന്ദാക്ഷൻ സ്മാരക പുരസ്കാരം - 2025 ഒക്ടോ.18 ശനി വൈകുന്നേരം 4.30 ന് തൃശൂർ സാഹിത്യ അക്കാദമി ആഡിറ്റോറിയത്തിൽ ചേരുന്ന അനുസ്മരണ സമ്മേളനത്തിൽ വെച്ചു സി പി ഐ (എം) ജനറൽ സെക്രട്ടറി എം.എ.ബേബി വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞൻ പ്രൊഫ.പ്രഭാത് പട്നായിക്കിനു സമർപ്പിക്കും.പ്രഭാത് പട്നായിക് 'വഴി അടഞ്ഞ മൂതലാളിത്തം'(Capitalism in a cul-de-sac) എന്ന വിഷയത്തിൽ 2025 ലെ സ്മാരക പ്രഭാഷണം നടത്തും. ഒൻപതാമത് പുരസ്കാരമാണ് പ്രൊഫ. പട്നായിക്കിനു നല്കുന്നത്.

ഡോ. ടി.വി.മധു (കാലിക്കറ്റു യൂണിവേഴ്സിറ്റി) അനുസ്മരണ പ്രഭാഷണം നടത്തും.'രാഷ്ട്രീയ മാറ്റങ്ങളും നവസാമൂഹിക മാധ്യമങ്ങളും' എന്ന വിഷയത്തിൽ കലാലയ വിദ്യാർത്ഥികൾക്കായി നടത്തിയപ്രബന്ധ മത്സരത്തിൽ വിജയികളായ ആർ കൃഷ്ണേന്ദു, ടി. അക്ഷയ് കുമാർ, അനുപ്രിയ ജോജോ എന്നീ വിദ്യാർത്ഥികൾക്കു സമ്മാനങ്ങൾ നല്കും.ചടങ്ങിൽ ഫൗണ്ടേഷൻ പ്രസിഡണ്ട് ഡോ. കാവുമ്പായി ബാലകൃഷ്ണൻ അദ്ധ്യക്ഷനാകും.

സ്വപ്ന സൗദങ്ങളുമായി ആക്ട്സിന്റെ 25-ാം വർഷികാഘോഷം

തൃശൂർ: 25 വർഷങ്ങളായി റോഡ് അപകടങ്ങളിലും അത്യാഹിതങ്ങളിലും 24 മണിക്കൂറും സൗജന്യ ആംബുലൻസ് സേവനം നടത്തുന്ന ആക്ട്സിന്റെ 25-ാം വാർഷിക ആഘോഷങ്ങളുടെ സമാപനം തൃശൂർ സെന്റ് തോമസ് കോളേജിൽ സ്ഥാപക പ്രസിഡന്റ് അൽകേഷ് കുമാർ ശർമ ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. സിൽവർ ജൂബിലി വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ആക്ട്സും കൊച്ചൗസേപ്പ് ചിറ്റപ്പിള്ളി ഫൗണ്ടേഷനും സംയുക്തമായി നിർമിച്ചു നൽകുന്ന 25 വീടുകളിലെ അഞ്ചു വീടുകൾക്കുള്ള സാമ്പത്തിക സഹായം അൽകേഷ് കുമാർ ശർമ ജില്ലാ കളക്ടറും ആക്ട്സിന്റെ പ്രസിഡന്റുമായ അർജുൻ പാണ്ഡ്യൻ ഐഎസിനു കൈമാറി. ആക്ട്സ് ജനറൽ സെക്രട്ടറിയും മേയറുമായ എം.കെ. വർഗീസ്, സ്വന്ത് തോമാസ് കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, എക്സ് തൃശൂർ ബ്രാഞ്ച് പ്രസിഡന്റ് ധനൻ സി.എസ് എന്നിവർ സംസാരിച്ചു.

'ഗാസയുടെ പേരുകൾ' ഒക്ടോബർ 24 ന് സംഘാടക സമിതിക്ക് രൂപം നൽകി

തൃശൂർ: ചിന്ത രവീന്ദ്രൻ ഫൗണ്ടേഷന്റെയും മറ്റു സാംസ്കാരിക സമിതികളുടെയും നേതൃത്വത്തിൽ നടത്തുന്ന 'ഗാസയുടെ പേരുകൾ' എന്ന പരിപാടി ഒക്ടോബർ 24 വൈകീട്ട് 4 ന് ഇ എം എസ് സ്ക്വയറിൽ നടത്തും.

സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടന്ന സംഘാടക സമിതി യോഗത്തിൽ കെ. സച്ചിദാനന്ദൻ, കെ.ജി, എസ്, സാറാ ജോസഫ് ഡോ. പി.വി. കൃഷ്ണൻ നായർ എന്നിവർ രക്ഷാധികാരികളും എം പി സുരേന്ദ്രൻ (ചെയർമാൻ) കെ.എൽ ജോസ് (ജനറൽ കൺവീനർ)പി.എൻ ഗോപി കൃഷ്ണൻ, ഷീബ അമീർ, കെ. സഹദേവൻ, പി.എസ് ഇക്ബാൽ, എൻ.ആർ. ഗ്രാമ പ്രകാശ് (വൈസ് ചെയർമാൻമാർ) പി. എൽ ജോമി , ഡോ. ഫസീല എം ശിവശങ്കരൻ സത്യനാരായണൻ ഡോ അരുൺ കരിപ്പാൽ (കൺവീനർമാർ) എന്നിവർ ഭാരവാഹികളായും പ്രവർത്തക സമിതി രൂപീകരിച്ചുഫ്രീ പാലസ്തീൻ എന്ന ആവശ്യമുന്നയിച്ചു കൊണ്ട് തൃശ്ശൂരിൽ നടത്തുന്ന പരിപാടിയിൽ എൻ.എസ്.മാധവൻ, ശശികുമാർ (കൺവീനർമാർ) എന്നിവർ ഭാരവാഹികളായും പ്രവർത്തക സമിതി രൂപീകരിച്ചു

ഫ്രീ പാലസ്തീൻ എന്ന ആവശ്യമുന്നയിച്ചു കൊണ്ട് തൃശ്ശൂരിൽ നടത്തുന്ന പരിപാടിയിൽ എൻ.എസ്.മാധവൻ, ശശികുമാർ എന്നിവർ പങ്കെടുക്കും.

തെക്കേ ഗോപുര നടയിൽ നിന്ന് ഗാസാ മാർച്ചോടെ ആരംഭിക്കുന്ന പരിപാടി ഇ.എം.എസ് സ്ക്വയറിൽ ഗാസയിൽ കൊല്ലപ്പെട്ട കുട്ടികളുടെ പേര് വായിച്ചു കൊണ്ട് സമാപിക്കും. വ്യത്യസ്ത ജീവിത മേഖലയിലുള്ള നൂറു പേർ കുട്ടികളുടെ പേരുകൾ വായിക്കും. ഒപ്പം കലാവിഷ്ക്കാരങ്ങളും അരങ്ങേറും.

സൊസൈറ്റി പൊളിഞ്ഞു; 420000 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: നിക്ഷേപ സംഖ്യകൾ തിരികെ നൽകാതിരുന്നതിനെ ചോദ്യം ചെയ്തു് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ നന്ദിക്കര ശ്രീനിലയത്തിലെ കെ.ഗോപാലകൃഷ്ണൻ ഫയൽ ചെയ്ത ഹർജിയിലാണ് നന്ദിക്കരയിലുള്ള പറപ്പൂക്കര പഞ്ചായത്ത് ഷെഡ്യൂൾഡ് കാസ്റ്റ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ സെക്രട്ടറിക്കെതിരെ ഇപ്രകാരം വിധിയായതു്.ഹർജിക്കാരൻ വ്യത്യസ്ത തിയ്യതികളിലായി മൊത്തം 405000 രൂപ നിക്ഷേപിച്ചിരുന്നു. നിക്ഷേപ സംഖ്യകൾ പലിശ സഹിതം തിരികെ നൽകുകയുണ്ടായില്ല. വക്കീൽ നോട്ടിസ് അയച്ചപ്പോൾ സ്ഥാപനം നിർത്തലാക്കി എന്ന് പറഞ്ഞ് മടങ്ങുകയായിരുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത് നിക്ഷേപ സംഖ്യകൾ തിരികെ നൽകാത്ത പ്രവൃത്തി അനുചിത ഇടപാടും സേവനത്തിലെ വീഴ്ചയുമാണെന്ന് കോടതി വിലയിരുത്തി. എതിർകക്ഷിയുടെ പ്രവൃത്തി മൂലം ഹർജിക്കാരന് സാമ്പത്തികമായും മാനസികമായും നഷ്ടം അനുഭവിക്കേണ്ടി വന്നുവെന്നും കോടതി നിരീക്ഷിച്ചു. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് നിക്ഷേപങ്ങൾ പ്രകാരം 405000 രൂപയും 9% പലിശയും നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകുവാൻ വിധിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.എ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

തീവണ്ടി മുട്ടി മരിച്ചു

പുതുക്കാട്: പുതുക്കാട് റെയിൽവേ സ്റ്റേഷനു സമീപം വടക്കേ തൊറവിൽ വടക്കൂടൻ പരേതനായ ചന്ദ്രൻ ഭാര്യ വത്സല (വള്ളിയമ്മ-68) തീവണ്ടി മുട്ടി മരിച്ചു. ഇന്ന് രാവിലെ 7 മണിക്ക് അമ്പലത്തിൽ പോകുമ്പോഴാണ് സംഭവം

അവശകലാകാരൻ ഔട്ട്

തൃശൂർ: അവശ കലാകാരൻ - എന്ന പ്രയോഗം സർക്കാർ ഉത്തരവിലൂടെ ഒഴിവാക്കിയതായി സാംസ്ക്കാരിക വകുപ്പ്. അവശ പ്രയോഗം രേഖകളിൽ നിന്നും ഒഴിവാക്കി. മാധ്യമങ്ങളും അങ്ങിനെ പ്രയോഗിക്കരുത്. സാംസ്ക്കാരിക വിഷയങ്ങളിൽ ഉൾപ്പെടെ അവശകലാകാര പ്രയോഗം ആരെങ്കിലും പിന്തുടരുന്നുവെങ്കിൽ അത് തിരുത്തപ്പെടണം. അക്കാര്യത്തിൽ പരാതികളും ഉന്നയിക്കാമെന്ന് സാംസ്ക്കാരിക വകുപ്പ് വ്യക്തമാക്കി. അവശക്ക് പകരം രേഖകളിൽ രോഗബാധിത കലാകാരൻ, സാമ്പത്തിക ബുദ്ധിമുട്ടുള്ള കലാകാരൻ എന്നിങ്ങനെരേഖപ്പെടുത്താവുന്നതാണ്.

സൗജന്യ മത്സ്യ കുഞ്ഞുങ്ങൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു

തൃശൂർ: കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടത്തുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സെന്റിനു മുകളിലുള്ള കുളങ്ങളിലേക്ക് സൗജന്യ കാർപ് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതിയിലേക്കും അര സെന്റിന് മുകളിലുള്ള പടുതകുളം /സിമന്റ് ടാങ്കുകൾക്ക് സൗജന്യ വരാൽ കുഞ്ഞുങ്ങളെയും വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിലേക്കും അപേക്ഷ ക്ഷണിച്ചു. കൊടകര, ചാലക്കുടി, മാള, വെള്ളാങ്ങല്ലൂർ, ഇരിഞ്ഞാലക്കുട എന്നീ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും ചാലക്കുടി, ഇരിഞ്ഞാലക്കുട നഗരസഭാ പരിധിയിലും ഉൾപ്പെടുന്ന കർഷകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 25/10/2025 നു മുൻപായി പഞ്ചായത്ത് ഓഫീസുകളിലോ ചാലക്കുടി മത്സ്യഭവനിലോ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് 8129922282 എന്ന നമ്പറിൽ ബന്ധപ്പെടുക.

വാട്ടർ ടാങ്കുകളും ലാപ്ടോപ്പുകളും വിതരണം ചെയ്തു

നാട്ടിക: ഗ്രാമപഞ്ചായത്തിന്റെ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് വാട്ടർ ടാങ്ക് വിതരണം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്നീ പദ്ധതികൾ പ്രകാരം 8 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട് വാട്ടർ ടാങ്കുകളും ലാപ്ടോപ്പുകളും വിതരണം ചെയ്തു. വൈസ് പ്രസിഡണ്ട് രജനി ബാബു അധ്യക്ഷയായ ചടങ്ങിൽ പ്രസിഡണ്ട് എം ആർ ദിനേശൻ ഉദ്ഘാടനം നിർവഹിച്ചു. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ശ്രീദേവി മാധവൻ, കെ കെ സന്തോഷ്, ബിന്ദു പ്രദീപ്, വാർഡ് മെമ്പർമാരായ സെന്തിൽ കുമാർ, റസീന ഖാലിദ്, സുരേഷ് ഇയ്യാനി, സി എസ് മണികണ്ഠൻ, ഗ്രീഷ്മ സുഖിലേഷ്, ഐഷാബി അബ്ദുൾ ജബ്ബാർ, സെക്രട്ടറി ഹേമചന്ദ്രൻ എന്നിവർ ആശംസകൾ അറിയിച്ചു. ചടങ്ങിന് അസിസ്റ്റന്റ് സെക്രട്ടറി പ്രീത സ്വാഗതവും ജൂനിയർ സൂപ്രണ്ട് ആനന്ദൻ എന്നിവർ നന്ദിയും പറഞ്ഞു

ലോക വിദ്യാർത്ഥി ദിനത്തോടനുബന്ധിച്ച് ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ നടന്ന ചടങ്ങിൽ പൂർവ്വ വിദ്യാർത്ഥിയും അധ്യാപകനുമായ മേജർ പി ജെ സ്റ്റൈജുവിനെ പ്രിൻസിപ്പൽ പി.എസ് വിജോയ് ഉപഹാരം നൽകി ആദരിക്കുന്നു

ലോക വിദ്യാർത്ഥി ദിനത്തിൽ മേജർ പി ജെ സ്റ്റൈജുവിന് ആദരം

ഗുരുവായൂർ: ലോകവിദ്യാർത്ഥി ദിനത്തോടനുബന്ധിച്ച് ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ അബ്ദുൽ കലാം അനുസ്മരണ സമ്മേളനം നടന്നു സമ്മേളനം കോളേജ് പ്രിൻസിപ്പാൾ ഡോ പി എസ് വിജോയ് ഉദ്ഘാടനം ചെയ്തു.

കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും എൻസിസി ഓഫീസുമായ മേജർ പിജെ സ്റ്റൈജുവിനെ ദിനാചരണത്തിന്റെ ഭാഗമായി പ്രിൻസിപ്പൽ ഉപഹാരം നൽകി ആദരിച്ചു. യൂണിറ്റ് എൻ.സി.സി ഓഫീസർ ക്യാപ്റ്റൻ രാജേഷ് മാധവൻ അധ്യക്ഷത വഹിച്ചു. സമ്മേളനത്തിന് ശേഷം കോളേജിലെ വിവിധ പഠനശാഖകളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത ക്വിസ് മത്സരവും ഉണ്ടായി. മേജർ പി.ജെ സ്റ്റൈജു മറുപടി പ്രസംഗം നടത്തി.

49-ാം മത് വയലാർ അവാർഡ് ജേതാവ് -സന്തോഷ്കുമാറിനെ തൃശൂർ സെന്റ് തോമാസ് കോളേജ് 1986-89 ബി.എസ്സ്.സി. ഫിസിക്സ് ബാച്ച് സഹപാഠികൾ കോലഴിയിലെ ഭവനത്തിൽ വച്ച് സ്നേഹോപഹാരം നൽകി ആദരിച്ചു

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2209/2024

യുവക്ഷേമം ഫൈനാൻസിയേഴ്സ്, തൃശൂർ

-അന്യായം

1) തൃശൂർ താലൂക്ക് വിയ്യൂർ വില്ലേജ് വിയ്യൂർ ദേശത്ത് കോറ്റിചിന്നത്ത് വീട്ടിൽ വിശ്വനാഥൻ മകൻ 49 വയസ് ബിജേഷ്കുമാർ കെ വി

2) തൃശൂർ താലൂക്ക് വിയ്യൂർ വില്ലേജ് വിയ്യൂർ ദേശത്ത് കോറ്റിചിന്നത്ത് വീട്ടിൽ മാധവൻ മകൻ 75 വകുപ്പ് വിശ്വനാഥൻ

- പ്രതികൾ

മേൽ നമ്പർ കേസിൽ പ്രതികൾക്കുള്ള സമൻസ് കോടതിയിലും ടിയാരുടെ വാസസ്ഥലത്തും പതിച്ചു നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പിച്ച് കേസ് **25-10-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15-10-2025

അന്യായഭാഗം അഡ്വക്കേറ്റ്

കെ ബി രണേന്ദ്രനാഥൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

C4 1031/2024

ഗുരു കാടാക്ഷം പ്രൈവറ്റ് ലിമിറ്റഡ്,

-വാദി

1) കൊടുങ്ങല്ലൂർ താലൂക്ക്, മേത്തല വില്ലേജ്, തെക്കുംപുറത്ത് വീട്ടിൽ ശശി മകൻ ശ്യാംകുമാർ

2) കൊടുങ്ങല്ലൂർ താലൂക്ക്, മേത്തല വില്ലേജ്, വടക്കേ വീട്ടിൽ ജയചന്ദ്രൻ മകൻ ബിജു

-2, 3 എതൃകക്ഷികൾ പ്രോമിസറിനോട്ടു പ്രകാരമുള്ള സംഖ്യക്കും പലിശക്കും മറ്റുമാണ് മേൽ നമ്പർ അന്യായം. 2, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ അനുവദിച്ച് കേസ് **07-11-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതും ആയതിൽ 2, 3 എതൃകക്ഷികൾക്ക് ആക്ഷേപമുള്ള പക്ഷം എതൃകക്ഷികളോ അഡ്വക്കേറ്റോ ബഹു. ചിട്ടി ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കേസ് എതൃകക്ഷികളെ കൂടാതെ വിചാരണ തീർച്ച ചെയ്യുന്നതാണെന്നുഇതിനാൽ അറിയിക്കുന്നു

എന്ന്, 7-10-2025

വാദിഭാഗം അഡ്വക്കേറ്റ്

സുജിത ടി എസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 3056/2017

ക്ഷേമവിലാസം കുറി കമ്പനി ലിമിറ്റഡ്, തൃശൂർ

-അന്യായം

1) തൃശൂർ താലൂക്ക് ചിയ്യാരം വില്ലേജ്, കുരിയച്ചിറ ദേശത്ത്, ചാലിശ്ശേരി